(സി) വിവിധ സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സന്നദ്ധ സംഘടനകളുടെ വിവരം ചുവടെ ചേർക്കുന്നു.

കേരള മഹിളാ സമഖ്യ സൊസൈറ്റി	-	തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട്, മലപ്പുറം, കാസർഗോഡ്
അന്വേഷി വിമൻസ് കൗൺസിലിംഗ് സെന്റർ	-	കോഴിക്കോട്
കൾച്ചറൽ അക്കാദമി ഫോർ പീസ്	-	എറണാകുളം
ബദേസ്ത ചാരിറ്റബിൾ ട്രസ്റ്റ്	-	തൃശ്ശൂർ

(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്. 10 ഷെൽട്ടർ ഹോമുകളിലേയ്ക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ഇന്ദിര ആവാസ് യോജന പദ്ധതി

1 (3284) ശ്രീ. എ. കെ. ബാലൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇന്ദിര ആവാസ് യോജന പദ്ധതി നടപ്പാക്കുന്നതിന് സംസ്ഥാന വിഹിതമായ തുക നൽകാൻ കഴിഞ്ഞ നാലു വർഷമായി എത്ര തുകയാണ് ബഡ്ജറ്റിൽ വകയിരുത്തിയിരിക്കുന്നത് ; ഓരോ വർഷത്തേയും കണക്ക് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) തുക വകയിരുത്തിയിരുന്നുവെങ്കിൽ സംസ്ഥാനത്ത് ആകെ അനുവദിച്ച വീടുകൾക്കും നൽകാനുള്ള തുക വകയിരുത്തിയിരുന്നോ ; അനുവദിച്ച വീടുകളുടെ എണ്ണം എത്രയായിരുന്നു ;

(സി) സംസ്ഥാന വിഹിതമായി ഈ പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്തുകൾക്ക് നൽകാനുള്ള ആകെ തുക എത്രയെന്ന് വർഷം തിരിച്ചു വിശദമാക്കുമോ ?

ഉത്തരം

(എ) അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു

(സി)

വർഷം	തുക (കോടിയിൽ)
2011-12	0
2012-13	180.97
2013-14	120.57
2014-15	295.3

തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

2 (3285) ശ്രീ. എ. കെ. ബാലൻ :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഗ്രമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് സംബന്ധിച്ച വികേന്ദ്രീകരണ ആസൂത്രണ സംസ്ഥാനതല ഏകോപന സമിതിയുടെ അവസാനയോഗത്തിന്റെ വിലയിരുത്തലുകൾ വിശദമാക്കാമോ; യോഗതീരുമാനങ്ങളുടെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly